LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് തയ്യാറാക്കിയ പ്രൊമോഷൻ ലിസ്റ്റ്

220 (5656) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് 2007-ന് ശേഷം തയ്യാറാക്കിയ പ്രൊമോഷൻ ലിസ്റ്റ് സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ദിനേശൻ എന്നയാളെ പരിഗണിച്ചിട്ടില്ല എന്ന പരാതിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. ദിനേശനെ 4-7-2008-ൽ പ്രസിദ്ധീകരിച്ച അസാധാരണ ഗസറ്റ്നമ്പർ 1413-ലെ പ്രൊമോഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2007-ൽ പ്രസിദ്ധീകരിച്ച പ്രൊമോഷൻ ലിസ്റ്റ് പുനഃപരിശോധിക്കുന്നതിലേക്കായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി രണ്ടുതവണ കൂടുകയും തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. മൂന്നാമത്തെ റിവ്യൂ ഡി.പി.സി.യിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ വിദഗ്ധാഭിപ്രായം ആരാഞ്ഞ് ആയതിൻ പ്രകാരം 14-7-2010-ന് വീണ്ടും ഡി.പി.സി. യോഗം കൂടുകയുണ്ടായി. തീരുമാനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്രചിഹ്നമിടാത്ത 5599, 5601, 5603, 5604, 5605, 5615, 5618, 5621, 5622, 5623, 5625, 5627, 5628, 5629, 5632, 5633, 5634, 5635, 5636, 5637, 5638, 5639, 5640, 5642, 5645, 5647, 5648, 5649, 5650, 5654, 5655 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

II അടിയന്തര പ്രമേയം

നിയമനസ്തംഭനം

മി.സ്പീക്കർ : സംസ്ഥാനത്ത് പെൻഷൻ പ്രായം ഏകീകരിച്ചതോടുകൂടി ഇരുപതിനായിരത്തോളം പേർ ഒരുമിച്ച് വിരമിച്ച തസ്തികകൾ ഉണ്ടായിട്ടും 2010-11-ൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാമെന്ന ഉറപ്പ് പാലിക്കാത്തതുമൂലം ഉണ്ടായിട്ടുള്ള നിയമന സ്തംഭനം സംബന്ധിച്ച് സഭാ നടപടികൾ നീർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, സി.ടി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. പി. മോഹനൻ, കെ. ബി. ഗണേഷ്കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.